**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2261** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകാൻ നിയമമുണ്ടോ; | (എ) | പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ തീയതി 25.02.2017, സ.ഉ.(കൈ)നം.4/2024/P&ARD തീയതി 16.05.2024 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്.<br><br>വനിത ശിശു വികസന വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച ഭിന്നശേഷിക്കാരനായ ജീവനക്കാരന് സ.ഉ.(കൈ)നം.14/2025/WCDD തീയതി 19.07.2025 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റവും ജില്ലാന്തര സ്ഥലംമാറ്റവും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ നിലവിൽ എത്ര ഭിന്നശേഷിയുള്ള ജീവനക്കാർ സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | ഇത്തരത്തിൽ 3 ജീവനക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പത്തുവർഷത്തിലധികം സർവീസ് ഉള്ള ഭിന്നശേഷിയുള്ള ജീവനക്കാരൻ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയാൽ ഏത് അനുപാതത്തിലാണ് അത് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | വനിത ശിശു വികസന വകുപ്പിനു കീഴിൽ ജില്ലാതല നിയമനങ്ങൾ ലഭിച്ച ജീവനക്കാർക്ക് G.O.(P)No.36/91/P&ARD Dated: 02.12.1991, G.O.(P)No.05/2013/P&ARD Dated:06.02.2013 ഉത്തരവുകളുടെ വ്യവസ്ഥകൾക്ക് വിധേയമായാണ് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ചു നൽകുന്നത്. ടി ഉത്തരവുകളിൽ ഭിന്നശേഷി ജീവനക്കാർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടില്ല. |
| (ഡി) | വനിത ശിശുക്ഷേമ വകുപ്പിന് കീഴിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയ ഏതെങ്കിലും ജീവനക്കാർക്ക് നിലവിൽ നിയമാനുസൃതം ലഭിക്കേണ്ട അവകാശം നിഷേധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | 2014 മുതൽ മലപ്പുറം ജില്ലയിൽ വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിൽ ഓഫീസ് അറ്റൻഡറായി ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ഏതെങ്കിലും ജീവനക്കാരൻ പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റം കിട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെയും സ്ഥലംമാറ്റം ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; അത്തരത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ആരെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ? | (ഇ) | മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ശിശു വികസന പദ്ധതി ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഭിന്നശേഷിക്കാരനായ ശ്രീ.ഉണ്ണികൃഷ്ണൻ കാവുങ്ങൽ എന്ന ജീവനക്കാരൻ പാലക്കാട് ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാൾ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്ന കാര്യാലയങ്ങളായ ശ്രീകൃഷ്ണപുരം ഐ.സി.ഡി.എസ്, മണ്ണാർക്കാട് അഡീഷണൽ ഐ.സി.ഡി.എസ്, ഒറ്റപ്പാലം അഡീഷണൽ ഐ.സി.ഡി.എസ് എന്നിവിടങ്ങളിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാലാണ് ടിയാൾക്ക് സ്ഥലംമാറ്റം അനുവദിക്കാത്തത്. നിലവിൽ ഒറ്റപ്പാലം അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിൽ ഒഴിവ് വന്ന സാഹചര്യത്തിൽ 75% വികലാംഗനായ ശ്രീ.ഉണ്ണികൃഷ്ണൻ കാവുങ്ങലിന്റെ അപേക്ഷ മാനദണ്ഡ പ്രകാരം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ